പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 141 04.06.2018 ൽ

മറുപടിയ്ക്ക്

## രാഷ്ട്രപതിയുടെ പോലീസ് മെഡൽ

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നൽകുന്ന രാഷ്ട്രപതിയുടെ പോലീസ് മെഡലിനുള്ള ശിപാർശ നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംസ്ഥാന പോലീസ് വകുപ്പിൽ നിന്നോ സർക്കാരിന്റെ ഭാഗത്ത് നിന്നോ ഉണ്ടായിട്ടുണ്ടോ, എങ്കിൽ ഇത് മൂലം ഈ മെഡൽ നഷ്ടപ്പെടാനുള്ള എന്തെങ്കിലും സാഹചര്യം നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ? | (എ) | വീഴ്ച ഉണ്ടായിട്ടില്ല. |
| (ബി) | കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം ശിപാർശ നൽകേണ്ട അന്തിമ തീയതി എന്ന് വരെയായിരുന്നു, സംസ്ഥാന സർക്കാർ ശിപാർശ നൽകിയത് എന്നാണ് , കാലതാമസമുണ്ടായിട്ടുണ്ടോ, എങ്കിൽ എത്ര ദിവസത്തെ കാലതാമസമുണ്ടായിട്ടുണ്ട് | (ബി) | കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം ശിപാർശ നൽകേണ്ട അന്തിമ തീയതി 08/06/2018 ആണ് ; സംസ്ഥാന സർക്കാർ ശിപാർശ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ 24/05/2018 ന് നൽകിയിട്ടുണ്ട് |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ ഏതെല്ലാം അവസരങ്ങളിൽ യഥാസമയം ശിപാർശ നൽകാത്തതു മൂലം സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങൾക്ക് മെഡൽ നഷ്ടമായ സ്ഥിതി വിശേഷം ഉണ്ടായിട്ടുണ്ട് , വിശദാംശം ലഭ്യമാക്കാമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യഥാസമയം ശിപാർശ നൽകാത്തതു മൂലം സംസ്ഥാന പോലീസ് സേനയിലെ അംഗങ്ങൾക്ക് മെഡൽ നഷ്ടമായ സ്ഥിതി വിശേഷം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ